അനധികൃത മണൽഖനനം തടയുവാൻ നടപടി

23 [*154] ശ്രീ. വി. കെ. ചന്ദ്രൻ:

മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത മണൽഖനനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ഇതിനായി പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം നടപ്പിലാക്കിയതിനുശേഷം മണൽ മാഫിയാകളുടെ പ്രവർത്തനം കൂടുതൽ വ്യാപകമായ സാഹചര്യത്തിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) അംഗീകാരം ഇല്ലാത്ത കടവുകളിൽ നിന്നും മണൽ വാരുന്നത് തടയുന്നതിന് കടവുകളിൽ പ്രൊട്ടക്ഷൻ വാൾ കെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) അനധികൃത മണൽഖനനം തടയുന്നതിനായി ജില്ലകളിൽ താലൂക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ആർ. ഡി. ഒ., പോലീസ്, റവന്യൂ, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സഹായത്തോടെയും റെയിഡുകൾ നടത്തി അനധികൃതമായി മണൽ കടത്തുന്ന വാഹനങ്ങളും വള്ളങ്ങളും പിടിച്ചെടുത്ത് നടപടികൾ സ്വീകരിച്ചു വരുന്നു.

അനധികൃത മണൽ ഖനനം തടയുന്നതിനായി ജില്ലകളിൽ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) നിയമ ഭേദഗതി വരുത്തി ലാന്റ് റവന്യൂ കമ്മീഷണർക്ക് ഇതിലേക്ക് കൂടുതൽ അധികാരങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. കടവുകളിൽ പ്രൊട്ടക്ഷൻ വാൾ കെട്ടുന്നത് ഉൾപ്പെടെയുള്ള വിവിധ ജോലികൾക്കായി 33.75 കോടി രൂപയുടെ ഭരണാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

ജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും മറ്റും നിക്ഷേപിക്കുന്നത് തടയുന്നതിന് നടപടി

24 [*155] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കടകൾ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും ജൈവ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പൊതുനിരത്തുകളിലും മറ്റും നിക്ഷേപിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly